## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആറ്റിങ്ങൽ നഗരസഭയിൽ ദിവസവേതന കണ്ടിജന്റ് തൊഴിലാളികളായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.ശശികുമാർ.എസ് മുതൽ 6 പേർ ചേർന്ന് ഫയൽ ചെയ്ത ഡബ്ല്യൂപി(സി) നം.21360/2020 മേലുള്ള ബഹു.ഹൈക്കോടതിയുടെ 29/03/2021 ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=================================================================

### തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.1649/2021/തസ്വഭവ          തീയതി, തിരുവനന്തപുരം 31/08/2021

പരാമർശം: 1) 22/04/1982 ലെ സ.ഉ.(എം.എസ്) നം.14/82/എൽ.ബി.ആർ നമ്പർ സർക്കാർ ഉത്തരവ്

2) 29/03/2001 ലെ സ.ഉ.(എം.എസ്) നം.91/2001/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

3) 03/11/2006 ലെ സ.ഉ.(സാധാ) നം.2748/2006/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

4) 05/02/2014 ലെ 25941/ജി2/2013/എൽബിആർ നമ്പർ സർക്കുലർ

5) ആറ്റിങ്ങൽ നഗരസഭയുടെ 03/11/2020 ലെ കൗൺസിൽ തീരുമാനം.

6) ശ്രീ.ശശികുമാർ.എസ് മുതൽ 6 പേർ ചേർന്ന് ഫയൽ ചെയ്ത ഡബ്ല്യൂപി(സി) നം.21360/2020 മേലുള്ള ബഹു.ഹൈക്കോടതിയുടെ 29/03/2021 ലെ നമ്പർ ഉത്തരവ്.

7) 23/06/2021 ലെ നഗരകാര്യഡയറക്ടറുടെ ഇ 2-20323/2020 നമ്പർ കത്ത്

### <u>ഉത്തരവ്</u>

ആറ്റിങ്ങൽ നഗരസഭയിൽ നടത്തുന്ന കണ്ടിജന്റ് വിഭാഗം തൊഴിലാളികളുടെ സെലക്ഷൻ പ്രോസസ്സിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ലഭ്യമായവരുടെ ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളോടൊപ്പം പങ്കെടുക്കുന്നതിന് അനുവാദം നല്കുന്നതിന് ആറ്റിങ്ങൽ നഗരസഭ, നഗരസഭാ സെക്രട്ടറി എന്നിവർക്ക് നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ആറ്റിങ്ങൽ നഗരസഭയിൽ ദിവസവേതന കണ്ടിജന്റ് തൊഴിലാളികളായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.ശശികുമാർ.എസ് മുതൽ 6 പേർ ചേർന്ന് ഫയൽ ചെയ്ത ഡബ്ല്യൂപി(സി) നം.21360/2020 മേലുള്ള പരാമർശം (6) പ്രകാരമുള്ള വിധിന്യായത്തിൽ വിധിന്യായം ലഭിച്ച് ഒരു ആഴ്ചക്കുള്ളിൽ പരാതിക്കാരായ സി.എൽ.ആർ ജീവനക്കാരെ ഇന്റർവ്യൂ നടത്തി തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് (എക്സിബിറ്റ്(R3(C) പ്രകാരമുള്ള രണ്ടാമത്തെ ലിസ്റ്റ്) ആറ്റിങ്ങൽ നഗരസഭാ സെക്രട്ടറി സർക്കാരിൽ സമർപ്പിക്കണമെന്നും തുടർന്ന് രണ്ടു മാസത്തിനുള്ളിൽ സർക്കാർ പ്രസ്തുത ലിസ്റ്റ് അംഗീകരിക്കുന്നതിനു പരിഗണിക്കണമെന്നും

ബഹു.ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. തുടർന്ന് പരാമർശം (7)ലെ കത്ത് പ്രകാരം പരാമർശം (5)പ്രകാരമുള്ള ആറ്റിങ്ങൽ നഗരസഭാ കൗൺസിൽ തീരുമാനവും പരാതിക്കാരായ സി.എൽ.ആർ ജീവനക്കാരെ ഇന്റർവ്യൂ നടത്തി തയ്യാറാക്കിയ റാങ്ക് ലിസ്റ്റും പ്രൊപ്പോസലും നഗരകാര്യ ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

2) ബഹു.ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ എക്സിബിറ്റ്(R3(C) പ്രകാരമുള്ള ആറ്റിങ്ങൽ നഗരസഭാ കൗൺസിൽ അംഗീകരിച്ച സി.എൽ.ആർ.തൊഴിലാളികളുടെ റാങ്ക് ലിസ്റ്റും നഗരകാര്യ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലും സർക്കാർ വിശദമായി പരിശോധിച്ചു.

ആറ്റിങ്ങൽ നഗരസഭയിൽ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ 5 (അഞ്ച്) ഒഴിവുകളിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിരുന്നുവെന്നും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ലഭിച്ചതിൻപ്രകാരം അഭിമുഖത്തിനുള്ള നടപടികൾ ആരംഭിച്ച സന്ദർഭത്തിൽ നിലവിൽ നഗരസഭയിൽ താൽക്കാലികമായി ജോലി നോക്കിവരുന്ന 6 (ആറ്) ജീവനക്കാർ, ടിയാളുകളെ കൂടി അഭിമുഖത്തിന് പരിഗണിക്കണമെന്ന് അപേക്ഷിച്ചിരുന്നുവെന്നും, എന്നാൽ ആയത് പരിഗണിക്കാൻ നിർവ്വാഹമില്ലായെന്ന് ടി ജീവനക്കാരെ അറിയിച്ചിരുന്നതായും തുടർന്ന് ടി ജീവനക്കാർ ബഹു.ഹൈക്കോടതി മുമ്പാകെ കേസ് ഫയൽ ചെയ്യുകയും കേസ് പരിഗണിച്ച കോടതി ടി ജീവനക്കാരെ കൂടി അഭിമുഖത്തിൽ പങ്കെടുപ്പിക്കാൻ നിർദ്ദേശിച്ച് ഉത്തരവാകുകയും ചെയ്തിട്ടുള്ളതാണെന്നും ടി ഉത്തരവിലെ നിർദ്ദേശമനുസരിച്ച് പരാതിക്കാരായ ജീവനക്കാരെ അഭിമുഖത്തിൽ പങ്കെടുപ്പിക്കുകയും ആയതിൽ ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ പട്ടിക തയ്യാറാക്കുകയും ചെയ്തിട്ടുള്ളതാണെന്നും കൂടാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ലഭിച്ച ഉദ്യോഗാർത്ഥികളുടെ റാങ്ക് പട്ടിക തയ്യാറാക്കുകയും ടി രണ്ട് പട്ടികകളും 03/11/2020 ലെ കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചതായും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള 5 ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിന് കൗൺസിൽ അനുമതി നൽകുകയും അവരെ നിയമിക്കുകയും ചെയ്തിട്ടുണ്ടെന്നും പരാമർശം (7) ലെ കത്ത് പ്രകാരം നഗരകാര്യഡയറക്ടർ അറിയിച്ചിരുന്നു. നിലവിലുള്ള സ്ഥിരം ജീവനക്കാരിൽ 7 പേർ 31/05/2024 വരെയുള്ള കാലയളവിൽ വിരമിക്കുമെന്നും ഭാവിയിൽ ഉണ്ടായേക്കാവുന്ന ശുചീകരണ തൊഴിലാളികളുടെ ഒഴിവിലേക്ക് ഹൈക്കോടതിയിൽ ഹർജി സമർപ്പിച്ചിരിക്കുന്ന ആളുകളെ പരിഗണിക്കുന്നതിന് കൗൺസിൽ യോഗം തീരുമാനിച്ചിട്ടുണ്ടെന്നും ആയതിനാൽ ഈ വിഷയത്തിൽ സർക്കാർ തീരുമാനം ലഭ്യമാക്കണമെന്നും പ്രൊപ്പോസലിൽ ആവശ്യപ്പെട്ടിരുന്നു.

3) കേരള മുൻസിപ്പൽ ആക്ട് സെക്ഷൻ 224(1) പ്രകാരം സംസ്ഥാനത്തെ നഗരസഭകളിലെ കണ്ടിജന്റ് തസ്തികകളിലെ നിയമനം അതാത് നഗരസഭാ കൗൺസിലുകളുടെ അധികാരപരിധിയിലാണ്. എന്നാൽ ടി നിയമനങ്ങൾ പരാമർശം (1) ലെ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം മാത്രമേ നടത്താനാകൂ. ആയത് അനുസരിച്ച് പ്രാദേശിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമിതരായവർക്കു മാത്രമേ കണ്ടിജന്റ് ജീവനക്കാർക്കുള്ള ബദൽ ലിസ്റ്റിൽ സീനിയോറിറ്റി അനുസരിച്ച് നിയമിക്കപ്പെടുന്നതിനും അതുവഴി സ്ഥിരം തസ്തികകളിലെ ഒഴിവുകളിൽ സ്ഥിരപ്പെടുത്തുന്നതിനും അർഹതയുള്ളൂ.

4) 31/12/1991 നുശേഷം പല നഗരസഭകളിലും മാനദണ്ഡങ്ങൾ ലംഘിച്ച് ദിവസക്കൂലിയടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട തൊഴിലാളികളെ പിരിച്ചുവിട്ടത് പല നഗരസഭകളുടെയും ശുചീകരണ പ്രവർത്തനങ്ങളെ ഗുരുതരമായി ബാധിക്കുന്നുവെന്ന പരാതിയുടെയും നിവേദനങ്ങളുടെയും അടിസ്ഥാനത്തിൽ സംസ്ഥാനത്തെ നഗരസഭകളിൽ 31/12/2000 വരെ ദിവസക്കൂലിയടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് മുഖേനയല്ലാതെ നിയമിക്കപ്പെട്ട കണ്ടിജന്റ് വിഭാഗം തൊഴിലാളികളെ സ്ഥിരം തൊഴിലാളികളായി പരിഗണിക്കുന്നതിന് യോഗ്യരാക്കി പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 31/12/2000 വരെ 22/04/1982 ലെ സ.ഉ. (എം.എസ്) നം.14/82/എൽ.ബി.ആർ ഉത്തരവിലെ മാനദണ്ഡങ്ങൾ ലംഘിച്ച് ദിവസക്കൂലിയടിസ്ഥാനത്തിൽ വിവിധ നഗരസഭകൾ നിയമിച്ച തൊഴിലാളികളെ, അവരെ സ്ഥിരനിയമനത്തിന് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഒഴിവിന്റെ ലഭ്യതയ്ക്ക് വിധേയമായി അർഹരാക്കി പകരം തൊഴിലാളികളായി പരിഗണിക്കുന്നതിനും ഏതെങ്കിലും നഗരസഭയിൽ 22/04/1982 ലെ ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി നിയമിക്കപ്പെട്ട തൊഴിലാളികളും മാനദണ്ഡങ്ങൾക്ക് വിധേയമല്ലാതെ ദിവസക്കൂലിയടിസ്ഥാനത്തിൽ 31/12/2000 വരെ നിയമിക്കപ്പെട്ട തൊഴിലാളികളും ഉള്ളപക്ഷം, സ്ഥിരനിയമനത്തിനുള്ള സീനിയോറിറ്റി ലിസ്റ്റ് പ്രത്യേകം പ്രത്യേകം തയ്യാറാക്കുകയും മാനദണ്ഡങ്ങൾക്കനുസൃതമായ ലിസ്റ്റിൽ ഉള്ളവർക്ക് മുൻഗണന നൽകി അവരുടെ ഊഴം കഴിഞ്ഞശേഷം മാത്രം രണ്ടാമത്തെ ലിസ്റ്റിൽ ഉള്ളവരുടെ സ്ഥിരം നിയമനകാര്യം പരിഗണിക്കേണ്ടതാണെന്നും ഉത്തരവായിരുന്നു.

5) സംസ്ഥാനത്തെ നഗരസഭകൾക്ക് ശുചീകരണ പ്രവർത്തനങ്ങൾക്ക് അവയുടെ സ്ഥിരം കണ്ടിൻജന്റ് ജീവനക്കാരുടെ കാര്യക്ഷമമായ സേവനം തികയാതെ വരുകയാണെങ്കിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് കുടുംബശ്രീയുടെ സേവനം തേടാവുന്നതാണെന്നും കുടുംബശ്രീയുടെ സേവനവും പര്യാപ്തമാവാത്ത അനിവാര്യഘട്ടങ്ങളിൽ മാനദണ്ഡങ്ങൾക്ക് വിധേയമായി പ്രാദേശിക എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് മുഖേന തിരഞ്ഞെടുത്ത കണ്ടിജന്റ് ജീവനക്കാരെ ദിവസ വേതനത്തിന്റെ അടിസ്ഥാനത്തിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് ഏർപ്പെടുത്താവുന്നതാണെന്നും പരാമർശം(3) പ്രകാരം ഉത്തരവായിരുന്നു.

പി.എസ്.സി നിയമനത്തിന്റെ പരിധിയിൽപ്പെടാത്ത എല്ലാ ഒഴിവുകളിലേക്കുമുള്ള നിയമനങ്ങൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ സേവനം നിർബന്ധമായി പ്രയോജനപ്പെടുത്തണമെന്നും, അല്ലാത്തപക്ഷം വകുപ്പ് തലവൻമാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും പരാമർശം (4)പ്രകാരമുള്ള സർക്കുലറിൽ കർശന നിർദ്ദേശമുണ്ട്.

6) നിലവിലെ കേസിലെ 1 മുതൽ 4 വരെയുള്ള കക്ഷികൾ 01/11/2006 മുതലും, 5-മത്തെ കക്ഷി 01/03/2011 മുതലും ,6-മത്തെ കക്ഷി 09/06/2017 മുതലും ആണ് സേവനം ആരംഭിച്ചിരിക്കുന്നത്. എന്നാൽ പരാമർശം (2) പ്രകാരമുള്ള സർക്കാർ ഉത്തരവ് പ്രകാരം 31/12/2000 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനെയല്ലാതെ നിയമിക്കപ്പെട്ട തൊഴിലാളികൾക്കു മാത്രമേ സ്ഥിര നിയമനം നൽകാൻ സാധിക്കുകയുള്ളൂ. 31/12/2000 ന് ശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനെയല്ലാതെ നിയമിക്കപ്പെട്ട തൊഴിലാളികൾക്കു സ്ഥിര നിയമനം നൽകാൻ സാധിക്കുകയില്ല. ആയതിനാൽ നഗരകാര്യ ഡയറക്ടർ സമർപ്പിച്ചിരിക്കുന്ന, 03/11/2020

ലെ ആറ്റിങ്ങൽ നഗരസഭാ കൗൺസിൽ അംഗീകരിച്ച, ഹൈക്കോടതിയിൽ ഹർജി (ഡബ്ല്യുപി(സി) നം.21360/2020) Ext.R3(c), ആയി സമർപ്പിച്ചിരിക്കുന്ന ആളുകളുടെ റാങ്ക് ലിസ്റ്റ് അംഗീകരിക്കുവാൻ സാധിക്കാത്തതിനാൽ പ്രസ്തുത ആവശ്യം നിരസിച്ച് ഉത്തരവാകുന്നു. ഈ വിഷയത്തിൽ നഗരകാര്യ ഡയറക്ടർ പരാമർശം(1),(2),(3),(4) എന്നിവ പ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്.

7) പരാമർശം (6) പ്രകാരമുള്ള ബഹു.കേരള ഹൈക്കോടതിയുടെ വിധിന്യായം മേൽപ്പറഞ്ഞ പ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യു
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, ആറ്റിങ്ങൽ നഗരസഭ
ശ്രീ ശശികുമാർ എസ് മുതൽ പേർ (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ